# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

## 28.11.2023




തൃശ്ശൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

അർത്ഥനാധികാരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIFB, തൃശ്ശൂർ

സാമൂഹ്യ പ്രത്യാഘാത  പഠന വിലയിരുത്തൽ യൂണിറ്റ്

ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്
ഭാരത മാത കോളേജ് തൃക്കാക്കര കൊച്ചി 21
Email -bmssw@bharatamatacollege.in , 9496362592
www.bmssw.in

# ഉള്ളടക്കം

അദ്ധ്യായം 1: പഠനത്തിന്റെ സംക്ഷിപ്ത രൂപം

അദ്ധ്യായം 2: പദ്ധതിയുടെ വിശദ വിവരങ്ങൾ

അദ്ധ്യായം 3: പഠനസംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4: സ്ഥലത്തിൻ്റെ മൂല്യ നിർണ്ണയം

അദ്ധ്യായം 5: ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)

അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നത്തിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10: സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണയവും

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും അപഗ്രഥനം ശുപാർശകൾ

## പട്ടികകൾ

പട്ടിക 3.1 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

പട്ടിക 4.1 പദ്ധതി പ്രദേശത്തെ വസ്തുവകകളുടെ ഉപയോഗം

പട്ടിക 6.1 പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിവരം

പട്ടിക 6.2 പദ്ധതി ബാധിത പ്രദേശത്തെ വ്യക്തികളുടെ വിദ്യാഭ്യാസം

പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

## ചിത്രങ്ങൾ

പട്ടിക 4.1 നിർദിഷ്ട പദ്ധതി പ്രദേശം

# അദ്ധ്യായം 1
# പഠനത്തിന്റെ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകിയ ലക്ഷ്യങ്ങളും

ഒരു രാജ്യത്തിന്റെ അഭിവൃദ്ധി അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിനു അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ് അതിനാൽ നല്ല റോഡുകൾ പാലങ്ങൾ എന്നിവ അത്യന്തപേക്ഷിതമാണ്

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് - കാട്ടൂർ വില്ലജ്, കൊടുങ്ങല്ലൂർ താലൂക് - എടത്തിരുത്തി വില്ലേജുകളിലായി കനോലി കനാലിനു കുറുകെ പറയാൻകടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനാണ് സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നത്. ഈ പദ്ധതിക്കായി ഏകദേശം 0.4625 ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 2(1)ബി (ഐ ) പ്രകാരം പൊതു ആവശ്യം എന്ന് പറയുന്നത് ഇന്ത്യ ഗവണ്മെന്റിന്റെ സാമ്പത്തിക വിഭാഗം 27/3/2022 നു പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 13/6/2009- പ്രകാരമുള്ള പ്രവർത്തനങ്ങളാണ് തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് - കാട്ടൂർ വില്ലജ്, കൊടുങ്ങല്ലൂർ താലൂക് - എടത്തിരുത്തി വില്ലേജുകളിലായി കനോലി കനാലിനു കുറുകെ പറയാൻകടവ് പാലം അനുബന്ധ റോഡ് നിർമ്മാണം അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

**1.2 സ്ഥലം**

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലജ്, കൊടുങ്ങല്ലൂർ താലൂക് - എടത്തിരുത്തി വില്ലേജുകളിലായി വാർഡ് 3,4,12,13 ഉൾപ്പെടുന്നു.

**1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും**

പദ്ധതി പ്രദേശം തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി വാർഡ് 3,4,12,13 ഉൾപ്പെടുന്നു. ആകെ വിസ്തീർണ്ണം 0.4625 ഭൂമിയാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. ഏറ്റെടുക്കുന്ന ഭൂമി പുരയിടം ,നിലം വിഭാഗത്തിൽ ഉൾപ്പെടുന്നു.

**1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ**

നിലവിൽ മറ്റു മാർഗങ്ങൾ പരിഗണിക്കപ്പെട്ടതായി അറിവില്ല

**1.5 സാമൂഹ്യ പ്രത്യാഘതങ്ങൾ**

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി കനോലി കനാലിനു കുറുകെ പറയാൻകടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നവയാണ്

- കാട്ടൂർ എടത്തിരുത്തി വില്ലേജുകളിലായി 44 കുടുംബങ്ങളെയും, ഭൂഉടമകളെയും ആണ് ഈ പദ്ധതി ബാധിക്കുന്നത്.. ഒരു പഞ്ചായത്ത് കിണറും ഈ പ്രദേശത്തു ഉൾപ്പെടുന്നുണ്ട് .നിലവിലെ

അലൈൻമെന്റ് പ്രകാരം വീട് ഭാഗികമായി നഷ്ടപ്പെടുന്നത് 5 പേർക്കാണ്. 5 കടകളെ ഭാഗികമായി ബാധിക്കുന്നുണ്ട്. 26 വ്യക്തികളുടെ മതിലുകൾ പൂർണമായി പൊളിച്ചുമാറ്റപ്പെടും. 2 വ്യക്തികളുടെ കാർപോർച്ച് നഷ്ടമാകുന്നുണ്ട്

- 22 ഭൂഉടമകളുടെ ഗേറ്റ് പൊളിച്ചു മാറ്റപ്പെടേണ്ടതായി വരുന്നുണ്ട്
- പദ്ധതി പ്രദേശത്തുനിന്നും ഏകദേശം 335 മരങ്ങൾ മുറിച്ചു മാറ്റപ്പെടേണ്ടി വരും

## 1.6. ലഘൂകരണ നടപടികൾ

പദ്ധതിപ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ പദ്ധതിയുടെ ആഘാത ബാധിത കുടുംബങ്ങളും ശേഖരിച്ചതിലൂടെയും, തത്പ്പരകക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുനഃസ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത് വേഗത്തിൽ നൽകുകയും ചെയ്യുക.

- ആഘാത ബാധിതമാകുന്ന വീടുകൾക്കും മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്കും നഷ്ടപരിഹാരം നൽകുക.
- പദ്ധതിമൂലം വസ്തുവകകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്ക് റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക.

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

പദ്ധതി പ്രദേശം തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാട്ടൂർ വില്ലേജിലും കൊടുങ്ങല്ലൂർ താലൂക്കിലെ എടത്തിരുത്തി വില്ലേജിലും ഉൾപ്പെടുന്നു. ഈ പ്രദേശത്തു ഏകദേശം 44 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഭൂരിഭാഗം വ്യക്തികളും താമസിക്കുന്ന ഇടമാണ് അത്പോലെ കൃഷികൾ നടത്തുന്നവരുമുണ്ട്.

നാട്ടുകാർക്ക് ദൈനംദിന ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നത് നടപ്പാലത്തെയാണ്, നടത്തിയ പരിശോധനയിൽ നടപ്പാലം ജീർണാവസ്ഥയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നു. എപ്പോൾ വേണമെങ്കിലും തകർന്നു വീഴാവുന്ന അവസ്ഥ. ഇപ്പോൾ ഒരു പുതിയ പാലം നിർമ്മിക്കേണ്ടത് അത്യാവശ്യം ആയിരിക്കുന്നു. ഈ പദ്ധതി മൂലം കാട്ടൂർ ഭാഗം ഇരിഞ്ഞാലക്കുട-കാട്ടൂർ പി.ഡബ്ല്യൂ.ഡി റോഡുമായി ബന്ധിപ്പിക്കുന്നു അത്പോലെ എടത്തിരുത്തി ഭാഗത്തു പഞ്ചായത്ത് റോഡുമായി ബന്ധിപ്പിക്കുന്നു, അത് ചെന്ത്രാപ്പിന്നി പി.ഡബ്ല്യൂ.ഡി റോഡുമായി ചേരുന്നു. അതിനാൽ നിർദിഷ്ട പാലം ഈ പഞ്ചായത്തിലെ അവികസിത മേഖലയുടെ വികസനത്തിന് സഹായിക്കും - ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയത് താൽക്കാലിക ജനറൽ ഡിസൈൻ ഡ്രോയിംഗിനെ അടിസ്ഥാനമാക്കിയാണ് നമ്പർ CEDO/BD/117/17dtd. PWD ഡിസൈൻ വിഭാഗമായ DRIQ-ന്റെ 13/12/2017. ഈ ഡ്രോയിംഗ് എന്നത് അഡ്മിനിസ്ട്രേറ്റീവ് അനുമതിക്കായി ഡിപിആർ തയ്യാറാക്കുന്നതിനും എഎസ് ലഭിക്കുന്നതിനും വേണ്ടിയുള്ളതാണ് എന്ന് ഡിസൈൻ വിംഗ് റിപ്പോർട്ട് ചെയ്യുന്നു. വിശദമായ ഡിസൈൻ ഡ്രോയിംഗ് ലഭിച്ചതിന്

ശേഷം മാത്രമേ, വിശദമായ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ആ ഓഫീസിനെ അറിയിക്കുകയും സാങ്കേതിക അനുമതി നൽകുകയും ചെയ്യു. കാരണം അളവുകളിൽ ചെറിയ മാറ്റങ്ങൾ വിശദമായ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുമ്പോൾ സംഭവിക്കാം.

### 2.1.1 പദ്ധതി നടപ്പിലാക്കുന്ന ഏജൻസി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIFB, തൃശ്ശൂർ ആണ് പദ്ധതിയുടെ അർത്ഥനാധികാരി.

### 2.1.1(b) ഭൂമി ഏറ്റെടുക്കൽ അധികാരി

നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി ◌ർഷൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി തൃശൂർ ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. പറയൻകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണം

അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

### 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാട്ടൂർ വില്ലേജിലും കൊടുങ്ങല്ലൂർ താലൂക്കിലെ എടത്തിരുത്തി വില്ലേജിലും ആണ് പദ്ധതി പ്രദേശം. 0.4625 ഭൂമിയാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. ഈ പദ്ധതിക്കായി പദ്ധതിക്കാവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കലിനായി പദ്ധതി പ്രദേശത്ത് മാർക്ക് ചെയ്തിരിക്കുന്നതെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഈ പദ്ധതിക്കായി ചിലവ് കണക്കാക്കിയിരിക്കുന്നത് 25.26 കോടി രൂപയാണ്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിലവിലുള്ള പാലത്തിന്റെ പുനർനിർമ്മാണം ആയതിനാൽ ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിൽ പ്രസക്തിയില്ല.

### 2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ഈ പദ്ധതി മൂലം കാട്ടൂർ ഭാഗം ഇരിഞ്ഞാലക്കുട-കാട്ടൂർ പി.ഡബ്ല്യൂ.ഡി റോഡുമായി ബന്ധിപ്പിക്കുന്നു അത്പോലെ എടത്തിരുത്തി ഭാഗത്തു പഞ്ചായത്ത് റോഡുമായി ബന്ധിപ്പിക്കുന്നു, അത് ചെന്ത്രാപ്പിന്നി പി.ഡബ്ല്യൂ.ഡി റോഡുമായി ചേരുന്നു. അതിനാൽ നിർദിഷ്ട പാലം ഈ പഞ്ചായത്തിലെ അവികസിത മേഖലയുടെ വികസനത്തിന് സഹായിക്കും - ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയത് താൽക്കാലിക ജനറൽ ഡിസൈൻ ഡ്രോയിംഗിനെ അടിസ്ഥാനമാക്കിയാണ് നമ്പർ

CEDO/BD/117/17dtd. PWD ഡിസൈൻ വിഭാഗമായ DRIQ-ന്റെ 13/12/2017. ഈ ഡ്രോയിംഗ് എന്നത് അഡ്മിനിസ്ട്രേറ്റീവ് അനുമതിക്കായി ഡിപിആർ തയ്യാറാക്കുന്നതിനും എഎസ് ലഭിക്കുന്നതിനും വേണ്ടിയുള്ളതാണ് എന്ന് ഡിസൈൻ വിംഗ് റിപ്പോർട്ട് ചെയ്യുന്നു. വിശദമായ ഡിസൈൻ ഡ്രോയിംഗ് ലഭിച്ചതിന് ശേഷം മാത്രമേ, വിശദമായ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ആ ഓഫീസിനെ അറിയിക്കുകയും സാങ്കേതിക അനുമതി നൽകുകയും ചെയ്യു. കാരണം അളവുകളിൽ ചെറിയ മാറ്റങ്ങൾ വിശദമായ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുമ്പോൾ സംഭവിക്കാം.
താൽക്കാലിക ജനറൽ സ്ഥിരീകരണത്തിനായി ഈ വില ഡിസൈൻ ഡ്രോയിംഗ് സൈറ്റിൽ അപ്‌ലോഡ് ചെയ്തു. കനോലി കനാൽ ദേശീയ ജലപാത-3 ന്റെ വിപുലീകരണത്തിന് കീഴിലായിരുന്നു എന്ന് IWAI അറിയിച്ചു. അതിനാൽ "40 മീറ്റർ തിരശ്ചീന ക്ലിയറൻസ് & കുറഞ്ഞത് 6 മീറ്റർ ലംബമായ ക്ലിയറൻസ്" നൽകേണ്ടത് ആവശ്യമാണ്. ജിഡിഡി തയ്യാറാക്കുന്നതിനുള്ള ഡിസൈൻ വിംഗ് നെ അറിയിച്ചിട്ടുണ്ട്.

**2.5 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

ബാധകമല്ല

**2.6. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് സാമൂഹ്യ/പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. പാലത്തിൻറ ഘടനാപരമായ ഡിസൈൻ ചെയ്തത് DRIQ ആണെന്ന് പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു.

## 2.7. ബാധകമായ നിയമങ്ങളും നയങ്ങളും

ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.

- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms) No.448/2017/RD ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജി തീരുമാനിക്കുന്നതിനുള്ള പോളിസി.

# അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4-ാം വകുപ്പ് 1 -)0 ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് സാമൂഹ്യ പ്രത്യാഘാത (എസ്.ഐ.എ) വിലയിരുത്തൽ പഠനം നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി കനോലി കനാലിനു കുറുകെ പറയാൻകടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭരത മാത കോളേജ് തൃക്കാക്കരയെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 17.10.2023 പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 3371) DCTSR/5312/2023-E3

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും

മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിന്റെ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| **നമ്പർ** | **പേര്** | **വിദ്യാഭ്യാസയോഗ്യത** |
|---|---|---|
| 1. | ശ്രീമതി. ഡോ. ഷീന രാജൻ ഫിലിപ്പ് | എം.എസ്.ഡബ്ല്യൂ. പി.എച്ച്.ഡി, ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് |
| 2. | ശ്രീമതി.ഡോ. എൽസ മേരി ജേക്കബ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി, റിസേർച്ച് അസ്സോസിയേറ്റ് |
| 3. | ശ്രീ.സൂരജ്.എം.വി | എം.എസ്.ഡബ്ല്യൂ. റിസേർച്ച് അസ്സോസിയേറ്റ് |
| 4. | ശ്രീമതി.ഡെൽറ്റി ജോസഫ് | എം.എസ്.ഡബ്ല്യൂ. ഫീൽഡ് സ്റ്റാഫ് |
| 5. | ശ്രീ .ശരത് മോഹൻ | എം.എസ്.ഡബ്ല്യൂ. ഫീൽഡ് സ്റ്റാഫ് |
| 6. | കുമാരി. ജെസ്നി ജെയിംസ് | എം.എസ്.ഡബ്ല്യൂ. ഫീൽഡ് സ്റ്റാഫ് |

| | | |
|---|---|---|
| 7. | കുമാരി. സ്വാതി ലക്ഷ്മണൻ | എം.എസ്.ഡബ്ല്യൂ.<br>ഫീൽഡ് സ്റ്റാഫ് |

## 3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും ഭൂമി ഏറ്റെടുക്കൽ കല്ലിന്റെ വിന്യാസ പ്രകാരം പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കി. വിവര ശേഖരണത്തിന്റെ ഭാഗമായി പദ്ധതി ബാധിത ജനങ്ങളുടെ ഇടയിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുകയും ചെയ്തു. പദ്ധതിയെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി, തൃശൂർ  നിന്നും ശേഖരിച്ചു. ഈ രീതിയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്താണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയത്.

## 3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി പ്രദേശത്ത് ലഭ്യമായ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി.

## 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിത ഭൂവുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂരേഖകളും സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി, തൃശൂർ നിന്നും പദ്ധതിയെ സംബന്ധിച്ചു ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

## 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിംഗിനെനെക്കുറിച്ചുള്ള വിവരണവും

### പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 17/10/2023 | ഗസറ്റ് വിഞ്ജാപനം 4(1) |
| 15/11/2023 | പദ്ധതി പ്രദേശം പ്രാഥമിക സന്ദർശനം |
| 15/11/2023 | സാമൂഹ്യ-സാമ്പത്തിക വിവരശേഖരണം, പ്രാദേശിക സ്വയംഭരണ പ്രതിനിധിയുമായി കൂടിക്കാഴ്ച |
| 29/01/2024 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 14/02/2024 | പബ്ലിക് ഹിയറിംഗ് |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013, 5-ാം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനഃസ്ഥാപന നിയമങ്ങൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള കേരള ചട്ടങ്ങൾ 2015, സെക്ഷൻ 14(1) വ്യക്തമാക്കിയ പൊതു ഹിയറിംഗിന്റെ വിശദമായ നടപടിക്രമങ്ങൾക്കനുസൃതമായി, 2024 ഫെബ്രുവരി 14 ന് രാവിലെ 11.30 മണിക്ക് കാട്ടൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് കാട്ടൂർ, എടത്തിരുത്തി വില്ലേജിന്റെ പരിധിയിൽ വരുന്ന പദ്ധതി ബാധിത കുടുംബങ്ങൾക്ക് വേണ്ടി പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പബ്ലിക് ഹിയറിംഗ് സംബന്ധിച്ച പത്ര വിജ്ഞാപനം വീക്ഷണം, ദീപിക എന്നീ രണ്ട് മലയാള ദിനപത്രങ്ങളിൽ നൽകി. കൂടാതെ ഭൂവുടമകൾക്ക് നേരിട്ടും ഫോണിലൂടേയും അറിയിപ്പ് നൽകുകയും ചെയ്തു.

# അദ്ധ്യായം 4
# സ്ഥലത്തിന്റെ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലേജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി വാർഡ് 3,4,12,13 ഉൾപ്പെടുന്നു.

**ചിത്രം 4.1 നിർദ്ദിഷ്ട പദ്ധതി പ്രദേശം**





**4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബദ്ധിതമാകുന്ന ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും ഭൂമി നഷ്ടപ്പെടൽ, വാസയോഗ്യമായ വീട് നഷ്ടപ്പെടൽ, ഫല വൃക്ഷങ്ങളിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടൽ തുടങ്ങിയ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ നിന്നും മനസ്സിലാകുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കല്ലുകളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും കാട്ടൂർ എടത്തിരുത്തി

വില്ലേജുകളിലായി 44 കുടുബങ്ങളെയും, ഭൂഉടമകളെയും ആണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്. നിലവിലെ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ താഴെ നൽകിയിരിക്കുന്നു.

- കാട്ടൂർ എടത്തിരുത്തി വില്ലേജുകളിലായി 44 കുടുബങ്ങളെയും, ഭൂഉടമകളെയും ആണ് ഈ പദ്ധതി ബാധിക്കുന്നത്.
- ഒരു പഞ്ചായത്ത് കിണറും ഈ പ്രദേശത്തു ഉൾപ്പെടുന്നുണ്ട്.
- നിലവിലെ അലൈൻമെന്റ് പ്രകാരം വീട് ഭാഗികമായി നഷ്ടപ്പെടുന്നത് 5 പേർക്കാണ്.
- 5 കടകളെ ഭാഗികമായി ബാധിക്കുന്നുണ്ട്.
- 26 വ്യക്തികളുടെ മതിലുകൾ പൂർണമായി പൊളിച്ചുമാറ്റപ്പെടും.
- 2 വ്യക്തികളുടെ കാർപോർച് നഷ്ടമാകുന്നുണ്ട്
- 22 ഭൂഉടമകളുടെ ഗേറ്റ് പൊളിച്ചു മാറ്റപ്പെടേണ്ടതായി വരുന്നുണ്ട്.
- പദ്ധതി പ്രദേശത്തുനിന്നും ഏകദേശം 335 മരങ്ങൾ മുറിച്ചു മാറ്റപ്പെടേണ്ടി വരും

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതി പ്രദേശം തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് - കാട്ടൂർ വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക് - എടത്തിരുത്തി വില്ലേജുകളിലായി വാർഡ് 3,4,12,13 ഉൾപ്പെടുന്നു. ആകെ മൊത്തം വിസ്തീർണ്ണം 0.4625 ഭൂമിയാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്.

### 4.4. പദ്ധതി ബാധിത പ്രദേശത്ത് മുന്നേ വില കൊടുത്തുവാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന

**ഭൂമിയുടെ ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

**4.8. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും**

പദ്ധതി പ്രദേശം തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലേജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി വാർഡ് 3,4,12,13 ഉൾപ്പെടുന്നു. ആകെ മൊത്തം വിസ്തീർണ്ണം 0.4625 ഭൂമിയാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. ടി ഭൂമി പുരയിടം, നിലം വിഭാഗത്തിൽ ഉൾപ്പെടുന്നു.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ മൊത്തം 34 സർവ്വേ നമ്പറുകളിൽപ്പെടുന്നു. അവ പുരയിടം, നിലം വിഭാഗത്തിൽ ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഒരു പഞ്ചായത്ത് കിണറും ബാക്കി സ്വകാര്യ വ്യക്തികളുടേം ആണ്.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം.**

പദ്ധതി പ്രദേശത്ത് ലഭ്യമായ ഭൂവുടമകളിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം അവിടെ ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി ഭൂരിഭാഗവും

സ്വകാര്യ ഉടമസ്ഥതയിൽ ഉൾപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നു ഒരു പഞ്ചായത്ത് കിണറും പദ്ധതി പ്രദേശത്തു ഉൾപ്പെടുന്നുണ്ട്.

### 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമികൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവരങ്ങൾ പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പദ്ധതി പ്രദേശത്ത് ഭൂമിയുടെ ഉടമസ്ഥാവകാശ കൈമാറ്റം ഒന്നും നടന്നിട്ടില്ല.

**പട്ടിക 4.1. പദ്ധതിബാധിത പ്രദേശത്തെ വസ്തുവകകളുടെ ഉപയോഗം**

| ക്രമ നമ്പർ | ഉപയോഗം | എണ്ണം |
|---|---|---|
| 1 | വീടും, പറമ്പും, കടകളും | 44 |
| 2 | പഞ്ചായത്ത് കിണർ | 1 |
| **മൊത്തം** | | **45** |

# അദ്ധ്യായം 5

# ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലേജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി കനോലി കനാലിനു കുറുകെ പറയാൻകടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് വേണ്ടി 0.4625 ഹെക്ടർ ഭൂമി ആണ് ഏറ്റെടുക്കപ്പെടേണ്ടി വരുന്നത് തൃശൂർ ജില്ല കളക്ടർ വിജ്ഞാപനം ചെയ്തിട്ടുള്ള വിവിധ സർവ്വേ നമ്പറുകളിലുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

| ക്രമ നമ്പർ | ഭൂവുടമയുടെ പേര് മേൽവിലാസം | സർവ്വേ നമ്പർ |
|---|---|---|
| 1 | വിൻസെന്റ് ചാലിശ്ശേരി, | 259/3,261/4,261/5 |
| 2 | ഷാജി തൊപ്പിയിൽ | 249/10 |
| 3 | ഫൈസൽ | 249/9 |
| 4 | ജോസഫ് ചാലിശ്ശേരി | 263/1 |
| 5 | ഡേവി ജോസ് വളവിൽ | 784/4,784/5 |
| 6 | മോഹനൻ കൊടുക്കിൽ | 258/2-4 |

| | | |
|---|---|---|
| 7 | ചെറിയാൻ ചാലിശ്ശേരി | 259/5 |
| 8 | രാജു സി ജോർജ് ചാലിശ്ശേരി | 259/3,261/4,261/5 |
| 9 | റിജോഫ്രാൻസിസ് തെക്കിനിയിടത് | 259/5-1 |
| 10 | പ്രേംലാൽ കൊന്നാരത്തു | 256/2 |
| 11 | ടിജെ ബേബി, ബീന സ്റ്റീഫൻ | 258/1B-1 |
| 12 | ബെന്നി താടിക്കാരൻ | 258/1,258/B1 |
| 13 | ആന്റണി ചാലിശ്ശേരി | 259/1-2,259/2-1,259/3-2 |
| 14 | ഇട്ടൂപ് ചാലിശ്ശേരി ജോജോ ചാലിശ്ശേരി | 261/5 |
| 15 | ജോജോ ചാലിശ്ശേരി ജോജോ ചാലിശ്ശേരി | 259/1,259/2,261/3,310/1,259/3-1,261/1-3,310/2,310/2-3,318/4-4 |
| 16 | വിൻസെന്റ് താടിക്കാരൻ | 258/1B |
| 17 | ഉണ്ണികൃഷ്ണൻ | ലഭ്യമായിട്ടില്ല |
| 18 | പ്രിൻസ് ചാലിശ്ശേരി | ലഭ്യമായിട്ടില്ല |
| 19 | യൂസഫ് | ലഭ്യമായിട്ടില്ല |
| 20 | അക്ഷയ് | ലഭ്യമായിട്ടില്ല |
| 21 | ജോബി കല്ലൂക്കാരൻ | 460/8-1,2 |
| 22 | ജോസ് A.K ആലപ്പാട്ട് | 460/3-1 |
| 23 | ജോസ് പോൾ ആലപ്പാട് | 458/3,458/4 |
| 24 | സണ്ണി എന്ന മാത്യു ആലപ്പാട് പാലത്തിങ്കൽ | 457/3-1 |
| 25 | ജെൻസൺ പാലത്തിങ്കൽ | 457/6-5,458/5,459/1-3,815/1-3 |

| | | |
|---|---|---|
| 26 | പ്രസന്ന ലോനപ്പൻ തട്ടിൽ കുരുവിള | 457/4-5 |
| 27 | ജോസഫ് പാലത്തിങ്കൽ | 456/3 |
| 28 | ജോൺ ആന്റണി | 459/2-3,9,460/2-1,6,460/7,2 |
| 29 | ജൂലിയസ് പാലത്തിങ്കൽ | 460/6,5,460,4,7,460/4-1,2,461/1-2,9 |
| 30 | ഷാജി പാലത്തിങ്കൽ | 457/2 |
| 31 | ജിജോ പാലത്തിങ്കൽ | 780/4 |
| 32 | ആന്റണി പാലത്തിങ്കൽ | 780/2,3 |
| 33 | ജോൺ ആലപ്പാട് | 780/1-1 |
| 34 | ജോജോ താടിക്കാരൻ | 782 |
| 35 | എലിസബത്ത് താന്നിക്കൽ | 782/2 |
| 36 | വിൻസെന്റ് തോട്ടിങ്കൽ | 782/3 |
| 37 | മാത്യു പാലത്തിങ്കൽ | 782/4 |
| 38 | ജോസ് കാരാച്ചിറ | ലഭ്യമായിട്ടില്ല |
| 39 | ജോർജ് | ലഭ്യമായിട്ടില്ല |
| 40 | ബേബി ജേക്കബ് ആലപ്പാട്ട് | ലഭ്യമായിട്ടില്ല |
| 41 | സെഫിയ | ലഭ്യമായിട്ടില്ല |
| 42 | ജേക്കബ് ആലപ്പാട്ട് | ലഭ്യമായിട്ടില്ല |
| 43 | ഡേവിസ് പാലത്തിങ്കൽ | ലഭ്യമായിട്ടില്ല |
| 44 | നസീർ | ലഭ്യമായിട്ടില്ല |

### 5.1.2 പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം

എല്ലാ കുടുംബങ്ങളും ജനറൽ വിഭാഗത്തിൽപ്പെടുന്നു.

**5.2 വനാവകാശം നഷ്ട്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തിയിട്ടില്ല.

**5.3. പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.5 മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്നത് നഗര പ്രദേശം അല്ല.

**5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിക്കുന്ന കുടുംബങ്ങൾ ഇല്ല.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

ഇല്ല

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ 5 വീടുകൾ ഭാഗിഗകമായും, 5 കടകൾ ഭാഗികമായും നഷ്ടപ്പെടും. കൂടാതെ പദ്ധതിപ്രദേശത്തെ ഫലദായക വൃക്ഷങ്ങളും നഷ്ടപ്പെടും.

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

## 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന 44 കുടുംബങ്ങളിൽ ഉൾപ്പെട്ട 88 വ്യക്തികളെ എസ്.ഐ.എ സംഘം കണ്ടെത്തി. പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1 പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം**

| പ്രായം | എണ്ണം |
|---|---|
| 0 - 5 | 2 |
| 5 - 12 | 1 |
| 12- 18 | 5 |
| 18 - 35 | 14 |
| 35 - 45 | 9 |
| 45-60 | 21 |
| 60 വയസ്സിനു മുകളിൽ | 30 |
| **ആകെ** | **82** |

**പട്ടിക 6.2. പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസം | എണ്ണം |
|---|---|
| വിദ്യാർത്ഥി | 4 |
| 1-4 | 1 |
| 5-7 | 0 |
| 8-10 | 18 |
| 12 | 18 |
| ബിരുദം | 39 |
| ടെക്നിക്കൽ | 8 |
| **ആകെ** | **88** |

## 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

പൊതുവിതരണ സംവിധാനമനുസരിച്ചുള്ള തരംതിരിവിന്റ അടിസ്ഥാനത്തിൽ ആഘാത ബാധിത കുടുംബങ്ങൾക്ക് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിന്റെ നിറം ഏതാണെന്ന് വിവരിക്കുന്നു. 16 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡും 11 കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള കാർഡുമാണ് ലഭ്യമായിരിക്കുന്നത്. 1 കുടുംബത്തിന് റേഷൻ കാർഡില്ല.

## 6.3 ദുർബ്ബല ജനവിഭാഗം

18 വയസ്സിന് താഴെയുള്ള കുട്ടികളും 60 വയസ്സിന് മുകളിലുള്ള വൃദ്ധരും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. 18 വയസ്സിന് താഴെയുള്ള 8 കുട്ടികളും 60 വയസ്സിന് മുകളിലുള്ള 30 പേരും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു.

## 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതി ബാധിത പ്രദേശത്ത് വീടും പുരയിടവും പറമ്പുമായി ഉപയോഗിക്കുന്ന 44 കുടുംബങ്ങളും, ഒരു പഞ്ചായത്ത് കിണറും ഉണ്ട്. ഫലവൃക്ഷങ്ങളിൽ നിന്നും വരുമാനം ലഭിക്കുന്നതാണ്.

**6.5 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിത കുടുംബങ്ങളുടെ മുഖ്യ ജീവനോപാധി ഒന്നും തന്നെ ബാധിതമാകുന്നില്ല.

**6.6 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി ബാധിത കുടുംബങ്ങൾ അണുകുടുംബങ്ങളാണ്. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടുന്നില്ല.

**6.7 ഭരണ സംഘടനകൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഭരണ സംഘടനകൾ ഒന്നും തന്നെ പദ്ധതിബാധിതമാകുന്നില്ല.

**6.8 രാഷ്ട്രീയ സംഘടനകൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകൾ ഒന്നും തന്നെ പദ്ധതിബാധിതമാകുന്നില്ല.

**6.9 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതി ബാധിതമാകുന്നില്ല

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും. പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീതഫലങ്ങൾ ലഘൂകരരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ.യുടെ ലക്ഷ്യങ്ങൾ. തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലേജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി കനോലി കനാലിനു കുറുകെ പറയാൻകടവ് പാലം അനുബന്ധ റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിന്റെയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു ഇതിലൂടെ ലഭിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് -കാട്ടൂർ വില്ലജ്, കൊടുങ്ങല്ലൂർ താലൂക് -എടത്തിരുത്തി വില്ലേജുകളിലായി കനോലി കനാലിനു കുറുകെ പറയാൻകടവ് പാലം അനുബന്ധ റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുനഃസ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത് വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൦ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 23.09.2015 തീയതിയിൽ G.O.(MS) No.485/2015/RD 29/12/2017 1 G.O. (MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്തു ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനരധിവാസ-പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ കനോലി കനാലിനു കുറുകെ പറയൻകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുള്ള ഉള്ള പദ്ധതിക്ക് ബാധകമാണ്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് വകയിരുത്തിയിരിക്കുന്നത്... 46 ലക്ഷം രൂപയാണ്.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ഇല്ല

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച . G.O (Ms) No.448/2017/RD പ്രകാരവുംകേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

### പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

| | | |
|---|---|---|
| ഭൂമി നഷ്ടപ്പെടൽ | RFCILARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സർക്കാരിൻറ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, act,2013 പ്രകാരമുള്ള സമയക്രമം. |
| കെട്ടിടങ്ങൾ ഉൾപ്പെടെ വസ്തുവിനോട് ചേർന്നുള്ള | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സംസ്ഥാന | |

| | | |
|---|---|---|
| ആസ്തികളുടെ നഷ്ട്ടം | സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | |
| പ്രവേശനമാർഗ്ഗം തടസ്സമാകൽ | പദ്ധതിമൂലം വസ്തുവകകകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെഭൂമിയിലേക്ക് റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക. | നിർമ്മാണ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| ഗതാഗതം തടസപ്പെടലും നിർമ്മാണ വേളയിലുള്ള മാലിന്യ രൂപീകരണ പ്രശ്നങ്ങളും | പദ്ധതി നിർവ്വഹണ ഏജൻസി നടപടികൾ നടപ്പിലാക്കുക. | നിർമ്മാണത്തിൻറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതു മൂലം വരുമാനം നഷ്ടമാകൽ | ഫലദായക വൃക്ഷങ്ങൾക്ക് RFCILARR 1 2013 ൻറ വെളിച്ചത്തിൽ കേരള | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തി നും |

| | | |
|---|---|---|
| | സംസ്ഥാന സർക്കാരിൻറ പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക | സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട്, 2013 പ്രകാരമുള്ള സമയക്രമം |

**7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കമെന്ന് ഉറപ്പ് നൽകാത്ത നടപടികളും**

ബാധകമല്ല.

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്തവ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR 2015, ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളേയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന ദുരിത ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ-പുനഃസ്ഥാപന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്റ്റ്, 2013 നിർവ്വചിക്കുന്നു. പുനരധിവാസ-പുനഃസ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിന്റെയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറിൽ നിക്ഷിപ്തമായിരിക്കും. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാട്ടൂർ വില്ലേജിലും കൊടുങ്ങല്ലൂർ താലൂക്കിലെ എടത്തിരുത്തി വില്ലേജിലുമായി സ്ഥിതി ചെയ്യുന്ന പറയൻകടവ് പാലം നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ തൃശൂർ ജില്ലയിലെ ഡെപ്യൂട്ടി കളക്ടർ (എൽ.എ. ജനറൽ) ആണ്.

പുനരധിവാസ പുനഃസ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുനഃസ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്റ്റ്, 2013 ന്റെ 45-ാം വകുപ്പും, കേരളത്തിലെ RFCILARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 23/09/2015 ന് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ.485/2015 ആർഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിൻറെ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി ജില്ലാ തലത്തിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ കമ്മിറ്റിക്കാണ് പുനരധിവാസ-പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്തം:

- ജില്ലാ കളക്ടർ
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരി
- ഭൂമി ഏറ്റെടുക്കൽ അധികാരി
- ധനകാര്യ ഒഫീസർ
- ധനകാര്യ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

**8.2ഗവണ്മെൻറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല.

### 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം അനുസരിച്ചായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി വകയിരുത്തിയിരിക്കുന്നത് 49 ലക്ഷം രൂപയാണ്.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദ്ദിഷ്ട ഭൂമി എറ്റെടുക്കലിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കേരള സർക്കാരിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്

# അദ്ധ്യായം 10

# സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ പറയുന്നു:

- പുനരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക സമയാധിഷ്ടിതമായി നൽകൽ
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

## 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം - രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം.**

റോഡുകൾ, പാലങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം രാജ്യത്തിൻറ വികസനത്തിന് അത്യന്താപേക്ഷിതമാണ്. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാട്ടൂർ വില്ലേജിലും കൊടുങ്ങല്ലൂർ താലൂക്കിലെ എടത്തിരുത്തി വില്ലേജിലുമായി സ്ഥിതി ചെയ്യുന്ന പറയൻകടവ് പാലം നിർമ്മാണത്തിന് വേണ്ടിയാണ് സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നത്. ഈ പദ്ധതിക്കായി ഏകദേശം 0.4625 ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. നിലവിലുള്ള പാലം ജീർണ്ണിച്ചതിനാലും പാലത്തിന് ഒട്ടും തന്നെ വീതി ഇല്ലാത്തതിനാലും ജനങ്ങൾക്ക് ഈ പാലത്തിലൂടെ നടക്കുവാനും ഗതാഗത സൗകര്യത്തിനും ബുദ്ധിമുട്ടാണ്. ആയതിനാൽ ഗതാഗതത്തിന് വേണ്ടി നാട്ടുകാർ ദൈനംദിന ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നത് ഈ നടപ്പാലത്തെയാണ്. നടത്തിയ പരിശോധനയിൽ നടപ്പാലം ജീർണാവസ്ഥയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നു എപ്പോൾ വേണമെങ്കിലും തകർന്നു വീഴാവുന്ന അവസ്ഥ. ഇപ്പോൾ ഒരു പുതിയ പാലം നിർമ്മിക്കേണ്ടത് അത്യാവശ്യം ആയിരിക്കുന്നു. ഈ പദ്ധതി

മൂലം കാട്ടൂർ ഭാഗം ഇരിഞ്ഞാലക്കുട-കാട്ടൂർ പി.ഡബ്ല്യൂ.ഡി റോഡുമായി ബന്ധിപ്പിക്കുന്നു അത്പോലെ എടത്തിരുത്തി ഭാഗത്തു പഞ്ചായത്ത് റോഡുമായി ബന്ധിപ്പിക്കുന്നു, അത് ചെന്ത്രാപ്പിന്നി പി.ഡബ്ല്യൂ.ഡി റോഡുമായി ചേരുന്നു. അതിനാൽ നിർദിഷ്ട പാലം ഈ പഞ്ചായത്തിലെ അവികസിത മേഖലയുടെ വികസനത്തിന് സഹായിക്കും - ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയത് താൽക്കാലിക ജനറൽ ഡിസൈൻ ഡ്രോയിംഗിനെ അടിസ്ഥാനമാക്കിയാണ് നമ്പർ CEDO/BD/117/17dtd. PWD ഡിസൈൻ വിഭാഗമായ DRIQ-ന്റെ 13/12/2017. ഈ ഡ്രോയിംഗ് എന്നത് അഡ്മിനിസ്ട്രേറ്റീവ് അനുമതിക്കായി ഡിപിആർ തയ്യാറാക്കുന്നതിനും എഎസ് ലഭിക്കുന്നതിനും വേണ്ടിയുള്ളതാണ് എന്ന് ഡിസൈൻ വിംഗ് റിപ്പോർട്ട് ചെയ്യുന്നു. വിശദമായ ഡിസൈൻ ഡ്രോയിംഗ് ലഭിച്ചതിന് ശേഷം മാത്രമേ, വിശദമായ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ആ ഓഫീസിനെ അറിയിക്കുകയും സാങ്കേതിക അനുമതി നൽകുകയും ചെയ്യു. കാരണം അളവുകളിൽ ചെറിയ മാറ്റങ്ങൾ വിശദമായ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുമ്പോൾ സംഭവിക്കാം.

താൽക്കാലിക ജനറൽ സ്ഥിരീകരണത്തിനായി ഈ വില ഡിസൈൻ ഡ്രോയിംഗ് സൈറ്റിൽ അപ്ലോഡ് ചെയ്തു. കനോലി കനാൽ ദേശീയ ജലപാത-3 ന്റെ വിപുലീകരണത്തിന് കീഴിലായിരുന്നു എന്ന് IWAI അറിയിച്ചു. അതിനാൽ "40 മീറ്റർ തിരശ്ചീന ക്ലിയറൻസ് & കുറഞ്ഞത് 6 മീറ്റർ ലംബമായ ക്ലിയറൻസ്" നൽകേണ്ടത് ആവശ്യമാണ്. ജിഡിഡി തയ്യാറാക്കുന്നതിനുള്ള ഡിസൈൻ വിംഗ് നെ അറിയിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു

പറയുന്നത്. ഇന്ത്യാ ഗവണ്മെന്റിന്റെ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. പറയൻകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണ പദ്ധതി അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

**നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുന്നതുമൂലം ഉണ്ടകാനിടയുള്ള പ്രത്യാഘാതങ്ങൾ:**

ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കല്ലുകളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും മുകുന്ദപുരം താലൂക്കിലെ കാട്ടൂർ വില്ലേജിലും കൊടുങ്ങല്ലൂർ താലൂക്കിലെ എടത്തിരുത്തി വില്ലേജിന്റെ പരിധിയിൽ വരുന്ന 44 ഭൂവുടമകളുടെ കുടുംബങ്ങളുമാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്. നിലവിലെ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ താഴെ നൽകിയിരിക്കുന്നു..

- കാട്ടൂർ വില്ലേജിലും എടത്തിരുത്തി വില്ലേജിലുമായി വരുന്ന 44 ഭൂവുടമകളുടെ കുടുംബങ്ങളാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്.
- ഭൂമി ഏറ്റെടുക്കൽ വഴി 5 വീടുകൾ ഭാഗികമായി നഷ്ടപ്പെടുന്നു
- ഭൂമി ഏറ്റെടുക്കൽ വഴി 5 കടകൾ ഭാഗികമായി നഷ്ടപ്പെടുന്നു
- ഭൂമി ഏറ്റെടുക്കൽ വഴി 26 കുടുംബങ്ങളുടെ മതിലും 22 കുടുംബങ്ങളുടെ ഗേറ്റും നഷ്ടമാകുന്നു.
- ഭൂമി ഏറ്റെടുക്കൽ വഴി 1 പഞ്ചായത്ത് കിണറും, 2 കാർ പോർച്ചും അത്പോലെ 1 പട്ടിക്കൂടും പൊളിച്ചുമാറ്റേണ്ടി വരുന്നുണ്ട്.

- 335 മരങ്ങളും ഫല വൃക്ഷങ്ങളും നഷ്ടമാകുന്നു.
- കാട്ടൂർ വില്ലേജിൽ പാലത്തിനു തൊട്ടു അടുത്ത വരുന്ന ഒരു വീട് പാലത്തിന്റെ ഉയരും കൂടുന്ന ഭാഗത്തു ആയതുമൂലം വീട്ടിലേക്കുള്ള വഴി തടസപ്പെടുകയും തൊട്ടു താഴെ വീട് സ്ഥിതി ചെയ്യുകയും ചെയ്യുന്നു.

**താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.**

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുനഃസ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത് വേഗത്തിൽ നൽകുകയും ചെയ്യുക.

- ആഘാത ബാധിതമാകുന്ന വീടുകൾക്കും മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്കും നഷ്ടപരിഹാരം നൽകുക.

- പദ്ധതിമൂലം വസ്തുവകകളിലേക്കുള്ള കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്ക് പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക.

## 11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാട്ടൂർ വില്ലേജിലും കൊടുങ്ങല്ലൂർ താലൂക്കിലെ എടത്തിരുത്തി വില്ലേജിലുമായി സ്ഥിതി ചെയ്യുന്ന പറയൻകടവ് പാലം നിർമ്മാണത്തിനാണ് സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നത്. ഈ പദ്ധതിക്കായി ഏകദേശം 0.4625 ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത് അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി ഭൂവുടമകൾക്ക് വിവിധ തരത്തിലുള്ള നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ കാട്ടൂർ വില്ലേജിലും എടത്തിരുത്തി വില്ലേജിലെയും ജനങ്ങളുടെ സൗകര്യം മെച്ചപ്പെടുന്നതിന് സഹായകമാകും എന്നതിനാൽ പ്രദേശവാസികൾക്കും പദ്ധതി ബാധിത കുടുംബങ്ങളിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളതെന്ന് പഠന മനസ്സിലാക്കുന്നു. കൂടാതെ പദ്ധതിക്കായി ഏറ്റവും കുറവ് ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് പഠന സംഘം വിലയിരുത്തുന്നു. മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനു ശേഷവും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രത്യാഘാത ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിന്റെ വിപരീത പ്രത്യാഘാതങ്ങളേക്കാൾ കൂടുതലായിരിക്കുമെന്ന നിഗമനത്തിൽ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു. ആയതിനാൽ തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാട്ടൂർ വില്ലേജിലും കൊടുങ്ങല്ലൂർ താലൂക്കിലെ എടത്തിരുത്തി വില്ലേജിലുമായി സ്ഥിതി ചെയ്യുന്ന പറയൻകടവ് പാലം നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏറ്റവും കുറഞ്ഞ നഷ്ടങ്ങൾ വരുന്ന രീതിയിലും ജനങ്ങളുടെ ജീവിത നിലനിൽപ്പ് കണക്കിലെടുത്തുകൊണ്ടും നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.